REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **22-06-2026** **സമയം** **12.30 PM**

## പ്രധാന വാർത്തകൾ

- **പകർച്ച വ്യാധി വ്യാപന വിഷയത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച്, പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി.**
- **സ്ത്രീ സുരക്ഷാ പെൻഷൻ നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ലെന്ന് മുഖ്യമന്ത്രി V.D സതീശൻ.**
- **ഈ മാസത്തെ ക്ഷേമ പെൻഷൻ, മറ്റന്നാൾ മുതൽ വിതരണം ചെയ്യും.**
- **രാജ്യത്തെ സമ്പദ് വ്യവസ്ഥയുടെ പുരോഗതിയിൽ MSME കൾ മുഖ്യ പങ്കു വഹിക്കുന്നുണ്ടെന്ന് RBI ഗവർണർ സഞ്ജയ് മൽഹോത്ര.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ, രാത്രി പത്തരയ്ക്ക് അർജന്റീന- ഓസ്ട്രിയ പോരാട്ടം .**

## വാർത്തകൾ വിശദമായി

പകർച്ച വ്യാധി വ്യാപന വിഷയത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച്, പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.

.....(വോയ്സ്)

✪✪✪

സ്ത്രീ സുരക്ഷാ പെൻഷൻ നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ലെന്ന് മുഖ്യമന്ത്രി V.D സതീശൻ വ്യക്തമാക്കി. മുൻഗവൺമെന്റ് മൂന്നുമാസം മുൻപ് പ്രഖ്യാപിച്ച പദ്ധതിയാണിതെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.

സാമൂഹ്യ ക്ഷേമപെൻഷൻ വീടുകളിലെത്തിക്കുന്ന നടപടി തുടരുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ക്ഷേമപെൻഷൻ 3,000 രൂപയാക്കുമെന്ന വാഗ്ദാനത്തിൽ നടപടി ആരംഭിച്ചതായും V.D.സതീശൻ ചോദ്യോത്തരവേളയിൽ അറിയിച്ചു. ഈ മാസത്തെ ക്ഷേമ പെൻഷൻ ഈ മാസം 24 മുതൽ വിതരണം ചെയ്യും.

അനർഹമായി പെൻഷൻ പറ്റുന്നവരെ കണ്ടെത്തി ലിസ്റ്റിൽ നിന്ന് ഒഴിവാക്കുമെന്നും, അർഹരായ കൂടുതൽ പേർക്ക് പെൻഷൻ ലഭിക്കണമെന്നാണ് ഗവണ്മെന്റ് നയമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആരോഗ്യമേഖലയിലെ വർദ്ധിച്ചുവരുന്ന ചെലവുകൾ ജനങ്ങളെ നിസ്സഹായരാക്കുന്നത് മാറ്റിയെടുക്കാനാണ് ഉമ്മൻചാണ്ടി ഇൻഷുറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനമെടുത്തതെന്ന് വി ഡി സതീശൻ പറഞ്ഞു.

✪✪✪

കേരളത്തിൽ എബോളയെന്ന പ്രതിപക്ഷത്തിന്റെ അടിയന്തിരപ്രമേയ നോട്ടീസിലെ പരാമർശം തെറ്റാണെന്നും നോട്ടീസിൽ പിഴവ് വരുത്തിയെന്നും മന്ത്രി കെ മുരളീധരൻ നിയമസഭയെ അറിയിച്ചു.

ഇന്ത്യയിലെവിടെയും എബോള സ്ഥിരീകരിച്ചിട്ടില്ലെന്നും സംസ്ഥാനത്ത് പകർച്ച വ്യാധി വ്യാപനം ഭയക്കേണ്ട സാഹചര്യമില്ലെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് KSRTC ഓർഡിനറി ബസുകൾ, സിറ്റി ഫാസ്റ്റ് ബസ്സുകളാക്കി മാറ്റി എന്നത് തെറ്റായ പ്രചാരണമാണെന്ന് മുഖ്യമന്ത്രി VD സതീശനും, മന്ത്രി CP ജോണും നിയമസഭയിൽ വ്യക്തമാക്കി. ബോധപൂർവ്വമാണ് പ്രചാരണം നടത്തുന്നതെന്നും ഇക്കാര്യം പ്രതിപക്ഷം ഏറ്റെടുത്തതിൽ പ്രതിഷേധം അറിയിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. എവിടെയങ്കിലും ഓർഡിനറി ബസ് ഫാസ്റ്റ് ആക്കിയതായി ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടൻ നടപടി സ്വീകരിക്കുമെന്ന് CP ജോണും പറഞ്ഞു.

നെല്ല് സംഭരണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടി  സ്വീകരിച്ചു വരുന്നതായി മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു.  ബാങ്ക് കൺസോർഷ്യം വഴി, നെല്ല് സംഭരണത്തിന് അനുവദിച്ച വായ്പാ പരിധി 1,100 കോടി രൂപയിൽ നിന്ന് 1,600 കോടി രൂപയാക്കി ഉയർത്തിയെന്നും അദ്ദേഹം വ്യക്തമാക്കി.  നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ല് ഉടമകളുമായി നില നിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന  നടപടി  സ്വീകരിച്ചു വരുന്നതായും മന്ത്രി ചോദ്യോത്തരവേളയിൽ അറിയിച്ചു.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ ലൈഫ് ഭവന നിർമാണ പദ്ധതി നിർത്തലാക്കില്ലെന്ന് മന്ത്രി കെ എം ഷാജി  അറിയിച്ചു. പദ്ധതിക്കായി കൂടുതൽ തുക വകയിരുത്താനാണ്  ശ്രമമെന്ന്  മന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ വ്യക്തമാക്കി.

✪✪✪

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ സുപ്രീംകോടതി മുൻ ജഡ്ജി, ജസ്റ്റിസ് കെ.ടി.തോമസിന് പദ്മവിഭൂഷണും, നടൻ മമ്മൂട്ടിക്ക് പദ്മഭൂഷണും സമ്മാനിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

ആകാശവാണി, പത്മ അവാർഡ് ജേതാക്കളുടെ പ്രവർത്തനത്തെയും ജീവിതത്തെയും കുറിച്ച്, 'ആകാശവാണിയിലെ ജനങ്ങളുടെ പദ്മ' എന്ന പരമ്പര ഇന്ന് രാവിലെ 9.30 ന് പ്രക്ഷേപണം ഹിന്ദിയിലും, ഇംഗ്ലീഷിലും ചെയ്തിരുന്നു. നാളെയും ഇതേ സമയം പരമ്പര  പ്രക്ഷേപണം  ചെയ്യും.

✪✪✪

വിദേശകാര്യമന്ത്രി ഡോ.S.ജയ്ശങ്കർ ഇന്ന് മുതൽ നാല് ദിവസം മംഗോളിയയും ദക്ഷിണ കൊറിയയും  സന്ദർശിക്കും. ഇന്ന്  മംഗോളിയയിലെത്തുന്ന ജയ്ശങ്കർ, വിദേശകാര്യ മന്ത്രി ബാറ്റ്സെറ്റ്സെഗുമായി ചർച്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

24, 25 തീയതികളിൽ ദക്ഷിണ കൊറിയ സന്ദർശിക്കുന്ന അദ്ദേഹം, വിദേശകാര്യ മന്ത്രി ചോ ഹ്യൂണുമായി കൂടിക്കാഴ്ച നടത്തും. വ്യാഴാഴ്ച ജെജുവിൽ, ജെജു ഫോറം ഫോർ പീസ് ആൻഡ് പ്രോസ്പിരിറ്റിയിൽ, അദ്ദേഹം മുഖ്യപ്രഭാഷണം നടത്തും.

✪✪✪

അതിർത്തി സുരക്ഷാ വിദേശനയ വിഷയാവലോകനത്തിന് ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ വിദേശകാര്യ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി, നാല് ദിവസത്തെ പഠന സന്ദർശനം ആരംഭിച്ചു. അതിർത്തി മാനേജ്മെന്റിനെക്കുറിച്ചും, അതിർത്തി പ്രദേശങ്ങളിലെ സുരക്ഷാ സാഹചര്യങ്ങളെക്കുറിച്ചും നേരിട്ട് പഠിക്കുകയാണ് ശശി തരൂർ അധ്യക്ഷനായ സമിതിയുടെ സന്ദർശന ഉദ്ദേശ്യം.

✪✪✪

നാവികസേനയുടെ യുദ്ധക്കപ്പലായ INS തർകാഷ്, മൗറീഷ്യസിലെ പോർട്ട് ലൂയിസിൽ എത്തി. തെക്ക് പടിഞ്ഞാറൻ ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ പ്രവർത്തന വിന്യാസത്തിന്റെ ഭാഗമായാണ് INS തർകാഷ്, ലൂയിസിൽ എത്തിയത്. സമുദ്ര സഹകരണം ശക്തിപ്പെടുത്താനും, ഇന്ത്യ- മൗറീഷ്യസ് ഉഭയകക്ഷി ബന്ധം കൂടുതൽ മെച്ചപ്പെടുത്താനുമാണ് സന്ദർശനമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

മൗറീഷ്യസ് നാഷണൽ കോസ്റ്റ് ഗാർഡിലെ ഉദ്യോഗസ്ഥർക്കായി, INS തർകാഷ് പ്രൊഫഷണൽ പരിശീലനം നൽകും. കപ്പൽ സന്ദർശിക്കാനും, ഇന്ത്യൻ നാവിക ഉദ്യോഗസ്ഥരുമായി സംവദിക്കാനും പ്രാദേശിക ജനങ്ങൾക്ക് അവസരമൊരുക്കുമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

രാജ്യത്തെ സമ്പദ് വ്യവസ്ഥയുടെ പുരോഗതിയിൽ MSME കൾ മുഖ്യ പങ്കു വഹിക്കുന്നുണ്ടെന്ന് RBI ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു. അന്താരാഷ്ട്ര MSME ദിനത്തോടനുബന്ധിച്ച് RBI തിരുവനന്തപുരം റീജിയണൽ ഓഫീസ്, കൊച്ചിയിൽ സംരംഭകർക്കായി സംഘടിപ്പിച്ച ബോധവൽക്കരണ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

GDP യുടെ 31 ശതമാനവും, ഉൽപ്പാദന മേഖലയുടെ 45 ശതമാനവും, കയറ്റുമതിയുടെ ഏകദേശം 50 ശതമാനവും MSME കളാണ് സൃഷ്ടിക്കുന്നതെന്ന് അദ്ദേഹം അറിയിച്ചു. കൂടാതെ 33 കോടി തൊഴിലവസരങ്ങളും MSME കൾ സൃഷ്ടിച്ചതായി സഞ്ജയ് മൽഹോത്ര വ്യക്തമാക്കി . കേരളത്തിലെ 140-ലധികം സംരംഭകർ പരിപാടിയിൽ പങ്കെടുത്തു

✪✪✪

ഖത്തറിലെ പ്രകൃതിവാതക കയറ്റുമതി കേന്ദ്രത്തിലുണ്ടായ സ്ഫോടനത്തിൽ, 18 പേരെ കാണാതാവുകയും 54 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ കേന്ദ്രമായ റാസ് ലഫാൻ

മേഖലയിലാണ് ഇന്നലെ രാത്രി സ്ഫോടനമുണ്ടായത്. സ്ഫോടനത്തിന്റെ കാരണത്തെക്കുറിച്ച് അന്വേഷണം ആരംഭിച്ചതായി, ഖത്തർ ആഭ്യന്തരമന്ത്രാലയം അറിയിച്ചു. പ്രദേശത്ത് രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്.

✪✪✪

ആഗോള അസംസ്കൃത എണ്ണവില മൂന്ന് ശതമാനം വരെ കുറഞ്ഞു. ഇറാനും അമേരിക്കയും തമ്മിൽ സ്വിറ്റ്സർലാൻഡിൽ ചർച്ചകൾ അവസാനിച്ചതിനെ തുടർന്നാണ് എണ്ണ വില ഇടിഞ്ഞത്. വിതരണ തടസ്സങ്ങളിലെ ആശങ്കകൾ ലഘൂകരിക്കുകയും, ഇറാൻ എണ്ണ കയറ്റുമതി വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന പ്രതീക്ഷകളെത്തുടർന്നാണ് എണ്ണവിലയിലെ മാറ്റം. ബ്രെൻഡ് ക്രൂഡ് ഓയിലിന്റെ വില രണ്ട് ശതമാനം കുറഞ്ഞ് ബാരലിന് 79 ഡോളറായി.

✪✪✪

കൃഷിവകുപ്പിന്റെ 'കർഷക സഭയും ഞാറ്റുവേല ചന്തയും' പദ്ധതിക്ക് ഇന്ന് തുടക്കമാകും. മന്ത്രി T.സിദ്ദിഖ് തിരുവനന്തപുരം കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ഉച്ച കഴിഞ്ഞ് ഉദ്ഘാടനം ചെയ്യും. കേരളത്തിന്റെ കാർഷിക പാരമ്പര്യത്തെയും, ഞാറ്റുവേല അധിഷ്ഠിത കൃഷി സംസ്കാരത്തെയും പുതുതലമുറയിലേക്ക് പകർന്നു നൽകുന്നതിനൊപ്പം ഗുണമേന്മയേറിയ നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

✪✪✪

പാലക്കാട് ജില്ലയിലെ മഴക്കുറവ് കാർഷികമേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ജില്ലയിൽ കാലവർഷത്തിന്റെ തുടക്കത്തിൽ തന്നെ 90 ശതമാനം മഴക്കുറവാണ് ഉണ്ടായത്.

പാലക്കാട്ടു നിന്നും ഫൈസൽ അലിമുത്ത്.

.....( വോയ്സ്)............

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് J-യിൽ അർജന്റീന, ഓസ്ട്രിയയെ നേരിടും. അമേരിക്കയിലെ ഡാലസിൽ രാത്രി 10.30 നാണ് മത്സരം.

ഗ്രൂപ്പ് G-യിൽ ന്യൂസിലൻഡിനെതിരെ ഈജിപ്തിന് ജയം. ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് ഈജിപ്ത് വിജയിച്ചത്. ഗ്രൂപ്പ് H-ൽ ഉറുഗ്വേ - കേപ്പ് വെർദെ

മത്സരം സമനിലയിൽ കലാശിച്ചു. ഇരുടീമുകളും രണ്ട് ഗോൾ വീതമാണ് നേടിയത്.

✪✪✪

കടലുണ്ടി തീവണ്ടിയപകടത്തിന് ഇന്ന് കാൽ നൂറ്റാണ്ട് പിന്നിടുന്നു. അപകടത്തിന്റെ ഓർമദിനത്തിൽ വൈകീട്ട് 4-ന് ലെവൽ ക്രോസ് പരിസരത്ത് അനുസ്മരണ സംഗമം നടത്തും.

2001 ജൂൺ 22 നാണ് നാടിനെ നടുക്കിയ അപകടമുണ്ടായത്. അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങളും, രക്ഷപ്പെട്ടവരും, രക്ഷാപ്രവർത്തകരും സംഗമത്തിൽ പങ്കെടുക്കും.

✪✪✪

മദ്യനയ വിഷയത്തിൽ പാർട്ടിയിലും മുന്നണിയിലും ചർച്ചചെയ്തശേഷമേ തീരുമാനമെടുക്കൂയെന്ന് AICC ജനറൽ സെക്രട്ടറി K.C.വേണുഗോപാൽ മാധ്യമങ്ങളോട് പറഞ്ഞു.

UDF നും, കോൺഗ്രസിനും ഇക്കാര്യത്തിൽ ഒരു നയമുണ്ടെന്നും അതിനുസരിച്ചേ ഗവൺമെന്റ് തീരുമാനമെടുക്കൂ എന്നും പുതിയ ഗവൺമെന്റ് ആകുമ്പോൾ ചില ആശങ്കകളുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

കേരള എൻജിനീയറിംഗ്, ഫാർമസി - KEEM പ്രവേശന പരീക്ഷാ ഫല പ്രഖ്യാപനം മാറ്റിവെച്ചു. സിബിഎസ് ഇ - പ്ലസ് ടു പുനർ മൂല്യനിർണ്ണയ പരീക്ഷാ ഫലത്തിലെ മാർക്ക്കൂടി പരിഗണിക്കാനാണ് പ്രഖ്യാപനം മാറ്റിയത്.

ഇന്നലെ രാത്രിയാണ് പുനർ മൂല്യനിർണ്ണയ പരീക്ഷാ ഫലം CBSE പ്രഖ്യാപിച്ചത്. മാർക്ക് വിവരങ്ങൾ ഓൺലൈനിൽ സമർപ്പിക്കുന്ന തീയതി നീട്ടണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ മന്ത്രി റോജി.എം.ജോൺ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദേശം നൽകി. എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും അവസരം ഉറപ്പുവരുത്തുകയാണ് ഗവണ്മെന്റ് ലക്ഷ്യമെന്ന് റോജി.എം. ജോൺ അറിയിച്ചു.

✪✪✪

യു.ജി.സി നെറ്റ് പരീക്ഷകൾ ഇന്ന് തുടക്കം. ഈ മാസം 30 വരെയാണ് ദേശീയതലത്തിൽ കമ്പ്യൂട്ടർ അധിഷ്ഠിത യോഗ്യതാ പരീക്ഷ നടത്തുക. ജൂനിയർ റിസർച്ച് ഫെലോഷിപ്പ്, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ, വിവിധ സർവ്വകലാശാലകളിലെ പിഎച്ച്.ഡി പ്രവേശനം എന്നിവയ്ക്ക് യോഗ്യത നിർണ്ണയിക്കുന്നതിനാണ് പരീക്ഷ നടത്തുന്നത്.

✪✪✪

സംസ്ഥാനത്തെ പ്ലസ് വൺ വിദ്യാർത്ഥികൾക്ക് രണ്ടാം അലോട്ട്മെന്റ് പ്രകാരം, നാളെ വൈകിട്ട് അഞ്ച് വരെ പ്രവേശനം നേടാം. മൂന്നാം അലോട്ട്മെന്റ് 28-ന് പ്രസിദ്ധീകരിക്കും. 29, 30 തിയതികളിൽ പ്രവേശനം നേടാം. ജൂലൈ ആറിന് ക്ലാസുകൾ ആരംഭിക്കും.

✪✪✪

പന്ത്രണ്ടാം ക്ലാസ് പരീക്ഷ ഫലങ്ങളും പുനർമൂല്യനിർണ്ണയ ഫലങ്ങളും CBSE പ്രസിദ്ധീകരിച്ചു തുടങ്ങി. ലഭിച്ച അപേക്ഷകളുടെ 87 ശതമാനത്തിലധികവും ഇന്നലെ പ്രഖ്യാപിച്ചു. ശേഷിക്കുന്ന അപേക്ഷകളുടെ ഫലങ്ങൾ ഘട്ടം ഘട്ടമായി ലഭ്യമാക്കുമെന്നും, മുഴുവൻ പ്രക്രിയയും ഉടൻ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായും CBSE അറിയിച്ചു.

ആധികാരിക വിവരങ്ങൾക്ക് CBSE യുടെ ഔദ്യോഗിക ആശയവിനിമയങ്ങളെ മാത്രം ആശ്രയിക്കണമെന്നും, സാമൂഹിക മാധ്യമങ്ങളിലെ തെറ്റായ പ്രചാരണങ്ങൾ വിശ്വസിക്കരുതെന്നും CBSE വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകി.

✪✪✪

---

*News Editor : വി.കെ സുരേഷ്*
*News Reader: സബിത കെ*
*News Team: ഫർദിസ് A.V, ശരണ്യ*
*DEO : ഷീബ*